II ഇ.ബി.XIV-കേരള നിയമസഭ/X-15

## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 21, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

44 (*421) ആശുപത്രികളുടെ നിലവാരം

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സർക്കാർ-സ്വകാര്യ ആശുപത്രികളേയും ലബോറട്ടറികളേയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന് നിയമസഭ അംഗീകാരം നൽകിയിട്ടുണ്ടെന്നും ചട്ടങ്ങൾ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ആശുപത്രികളെ കാറ്റഗറൈസ്

ചെയ്യാനും മിനിമം സ്റ്റാൻഡേർഡ് ശിപാർശ ചെയ്യാനുമായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ആശുപത്രികളും മിനിമം ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതുണ്ട്. കിടത്തി ചികിത്സ അടക്കമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ സ്റ്റേറ്റ് കൗൺസിലും നടപ്പിലാക്കാൻ ഡിസ്ട്രിക്ട് റെഗുലേറ്ററി അതോറിറ്റിയും പരിശോധിക്കാൻ എംപാനൽ ചെയ്തിട്ടുള്ള അസസ്സർമാരും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി നിലവിൽ വരുന്നതാണ്. ആശുപത്രികളുടെ ചികിത്സയെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനായി ഒരു ഗ്രീവൻസ് റിഡ്രസൽ മെക്കാനിസം സ്ഥാപിക്കുന്നതാണെന്നും വർദ്ധിച്ചുവരുന്ന ആന്റിബയോട്ടിക് റെസിസ്റ്റൻസ് കുറയ്ക്കുന്നതിനായി സ്വകാര്യ ആശുപത്രികൾക്ക് ആന്റിബയോട്ടിക് സ്റ്റേവാർഡ്ഷിപ് പ്രോഗ്രാം ആവിഷ്കരിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു. ബിൽ നിയമമാകുമ്പോൾ സർക്കാർ/സ്വകാര്യ ആശുപത്രികളുടെ അക്കാദമിക നിലവാരവും സാങ്കേതിക സൗകര്യങ്ങളും അനുസരിച്ച് ചികിത്സാ ഫീസ് നിശ്ചയിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. സ്വകാര്യ മേഖലയിലെ നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും സേവന-വേതന വ്യവസ്ഥയെക്കുറിച്ചുയർന്നിട്ടുള്ള പരാതി പരിഹരിച്ചിട്ടുണ്ട്. 4217 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്നും ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എല്ലാ ജില്ലകളിലും തസ്തികകൾ അനുവദിക്കുന്നതാണെന്നും അപ്ഗ്രേഡ് ചെയ്ത ആശുപത്രികളെ ജില്ലാ

ആശുപത്രികളുടെ നിലവാരത്തിലേയ്ക്ക് ഘട്ടംഘട്ടമായി ഉയർത്തുന്നതിനുള്ള നടപടി തുടർന്നുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. നിലവിലുള്ള സാദ്ധ്യതകൾ നിലനിർത്തി മെഡിക്കൽ കോളേജുകൾ രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ചികിത്സാ സൗകര്യങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി എല്ലാ ആശുപത്രി അധികൃതരോടും മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. തൃശ്ശൂരിൽ ഓക്സിജൻ തീർന്നുപോയതിനാൽ രോഗി മരണപ്പെട്ട സംഭവം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് ഗ്രേഡ് തിരിച്ച് കൂടുതൽ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കാനാണ് ശ്രമിക്കുന്നതെന്നും ആദ്യഘട്ടമായി പി.എച്ച്.സി.കളെ ഫാമിലി ഹെൽത്ത് സെന്ററാക്കുന്നതിനും താലൂക്ക് ആശുപത്രികളെ ജില്ലാ ആശുപത്രികളാക്കുന്നതിനുമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും അടുത്ത ഘട്ടമായി സി.എച്ച്.സി.കളിലും സൗകര്യങ്ങൾ ഏർപ്പെടുത്തി മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി അറിയിച്ചു. 'സുകൃതം പദ്ധതി' എല്ലാ മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കിയിട്ടുണ്ടെന്നും പാവപ്പെട്ട രോഗികൾക്ക് മെഡിക്കൽ കോളേജുകളിൽ ചികിത്സ സൗജന്യമാണെന്നും കേന്ദ്ര സർക്കാരിന്റെ സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതിക്ക് സമാനമായ പദ്ധതി സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

45 (*422) അനധികൃതമായി നടത്തിവരുന്ന കായികപരിശീലനം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പോപ്പുലർ ഫ്രണ്ട്, ആർ.എസ്.എസ്. പോലുള്ള സംഘടനകൾ മാസ്ഡ്രിൽ നടത്തുന്നതായും ആർ.എസ്.എസ്. ശാഖകളിൽ ദണ്ഡ് ഉപയോഗിച്ച് പരിശീലനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അനധികൃതമായി പരിശീലനം നടത്തുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. കേരള പോലീസ് ആക്ട് പ്രകാരം കായിക പരിശീലനം നടത്തുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അധികാരപ്പെട്ടയാളുടെ അനുമതിയില്ലാതെ ആക്രമണമോ സ്വയരക്ഷയോ സംബന്ധിച്ച അഭ്യാസ രീതികൾ ഉൾക്കൊള്ളുന്ന കായിക പരിശീലനം സംഘടിപ്പിക്കാനോ പങ്കെടുക്കാനോ പാടില്ലെന്നും ഇതിനായി തന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ ഉള്ള കെട്ടിടമോ പരിസരമോ പെർമിറ്റില്ലാതെ അനുവദിക്കാൻ പാടില്ലെന്നും ഇത് പരിശോധിക്കുന്നതിന് ഒരു സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന് അധികാരമുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. വിവിധ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ആർ.എസ്.എസ്. നടത്തുന്ന നിയമവിരുദ്ധ ചെയ്തികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ആരാധനാലയങ്ങളുടെ പവിത്രത നിലനിർത്തിക്കൊണ്ട്

ഭക്തർക്ക് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതാണ്. ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന ആയുധ പരിശീലനങ്ങളിൽ നിലവിലെ നിയമങ്ങൾ അപര്യാപ്തമാണെങ്കിൽ നിയമനിർമ്മാണമുൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കുന്നതാണ്. പൊതു/സ്വകാര്യ സ്ഥലങ്ങളിൽ ആയുധ പരിശീലനമുൾപ്പെടെയുള്ളവ നടത്തിയതായി പരാതി ലഭിക്കുകയാണെങ്കിൽ അതിന്മേൽ കർക്കശ നടപടി സ്വീകരിക്കുന്നതാണെന്നും മതനിരപേക്ഷ കാഴ്ചപ്പാടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വർഗ്ഗീയ സംഘടനകൾ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സർക്കാർ ജാഗ്രത പുലർത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

46 (*423) രക്തബാങ്കുകളുടെ പ്രവർത്തനം നവീകരിക്കൽ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, രക്തബാങ്കുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ഭാഗമായി പുതിയതായി 5 സർക്കാർ ആശുപത്രികളിൽ രക്ത സംഭരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്നും പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന എല്ലാ താലൂക്ക് ആശുപത്രികളിലും രക്ത ബാങ്കുകൾ ആരംഭിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ഇത്തരത്തിൽ 5 താലൂക്ക് ആശുപത്രികളിലായി ബ്ലഡ് ബാങ്കും ലൈസൻസ് യൂണിറ്റുകളും

പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ ആശുപത്രികളോടനുബന്ധിച്ചുള്ള ബ്ലഡ് ബാങ്കുകൾക്കു മാത്രമാണ് നിലവിൽ ലൈസൻസ് അനുവദിക്കുന്നത്. സംസ്ഥാനത്തുള്ള 37 സർക്കാർ രക്തബാങ്കുകളിൽ 26 എണ്ണം രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാണ്. വിവിധ ആശുപത്രികളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ രക്ത ബാങ്കുകൾ സ്ഥാപിക്കുന്നതിനും രക്തഘടക വേർതിരിക്കൽ യൂണിറ്റ് തുടങ്ങുന്നതിനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. രക്തം ശേഖരിക്കുന്നതിന് മുൻപായി പ്രധാനപ്പെട്ട 5 പരിശോധനകൾ നടത്താറുണ്ടെന്നും രക്തം ശുദ്ധമാണോ എന്ന് കണ്ടെത്തുന്നതിന് ഒരു വിന്റോ പീരീഡ് നിലവിലുണ്ടെന്നും മെഡിക്കൽ കോളേജിൽ അപൂർവ്വ രക്ത ഗ്രൂപ്പുകളുടെ ശേഖരണം നടത്തുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ശുദ്ധരക്തം ശേഖരിക്കുന്നതിന്റെ ഭാഗമായി ലോകാരോഗ്യ സംഘടനയിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സംഘം 170 രക്ത ബാങ്കുകൾ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൻപ്രകാരം സന്നദ്ധ രക്ത ദാതാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും രക്തലഭ്യത ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള അനുബന്ധ ഉപകരണങ്ങളും മറ്റും ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും ആലുവ ജില്ലാ ആശുപത്രിയിലെ ഡയഗ്നോസ്റ്റിക് സെന്ററിന്റെ ചുമതല രക്ത ബാങ്കിന് നൽകുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

47 (*424) ക്യാൻസർ ചികിത്സ കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ക്യാൻസർ ചികിത്സ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആർ.സി.സി.യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം, ഉപകേന്ദ്രങ്ങൾ എന്നിവ വഴി ക്യാൻസർ ബോധവൽക്കരണവും 'ആയുർ ദീപ്തം' പദ്ധതിയിലൂടെ വിവിധയിടങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മുൻകൂർ രോഗനിർണ്ണയ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് ഓറൽ കാവിറ്റി സ്ക്രീനിംഗ്, സർവ്വിക്കൽ സ്ക്രീനിംഗ് എന്നീ സൗകര്യങ്ങൾ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൽ ലഭ്യമാണ്. വദനാർബുദം, സ്തനാർബുദം, ഗർഭാശയ ക്യാൻസർ എന്നിവ നിയന്ത്രണവിധേയമാക്കുന്നതിന് ആരോഗ്യ വകുപ്പ് മുൻതൂക്കം നൽകുന്നുണ്ട്. എല്ലാ വർഷവും ഡോക്ടർമാർക്കും നഴ്സുമാർക്കും റീജിയണൽ ക്യാൻസർ സെന്ററുകളിൽ വച്ച് പരിശീലനം നൽകുകയും ജില്ലാ ക്യാൻസർ കെയർ സെന്ററുകളിലും ജില്ല, ഉപജില്ല അടിസ്ഥാനത്തിൽ പഞ്ചായത്തുതലത്തിലും വിന്യസിച്ച് രോഗ ചികിത്സയും നിർണ്ണയവും നടത്തിവരുന്നുണ്ട്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ട് ഉപയോഗിച്ച് മുനിസിപ്പൽ പ്രദേശങ്ങളിൽ ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ വിഭാഗം ആശുപത്രികളെയും കോർത്തിണക്കിക്കൊണ്ട് 'ക്യാൻസർ ഗ്രിഡ് ' രൂപവൽക്കരിക്കുന്നതിന്റെ പ്രാരംഭ

നടപടി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള 5 മെഡിക്കൽ കോളേജുകളിൽ സമഗ്ര ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനമെടുക്കുകയും തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കൊബാൾട്ട് മെഷീനും, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററും വാങ്ങുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ സഹകരണത്തോടെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ക്യാൻസർ രജിസ്ട്രി പ്രവർത്തിച്ചുവരുന്നുണ്ടെന്നും കിഫ്ബി സഹായത്തോടെ 379.73 കോടി രൂപ ചെലവിൽ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും ജില്ലാ ക്യാൻസർ കെയർ പദ്ധതി 18 ആശുപത്രികളിൽ ലഭ്യമാണെന്നും രോഗികളെ പരിചരിക്കുന്നതിനും സാന്ത്വന ചികിത്സ നൽകുന്നതിനും 'അഭയം' എന്ന പേരിൽ പാലിയേറ്റീവ് കീമോതെറാപ്പി സെന്ററുകൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ഘട്ടംഘട്ടമായി തെരഞ്ഞെടുക്കപ്പെടുന്ന താലൂക്കാശുപത്രികളിൽ മുൻകൂർ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തി ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണെന്നും മലബാർ ക്യാൻസർ സെന്ററിനെ പി. ജി. ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4289 മുതൽ 4604 വരെയുള്ള ചോദ്യങ്ങളിൽ 39 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)